**India Foundation for the Arts (IFA) invites applications for Arts Platforms under its Arts Practice programme**

**Deadline: August 31, 2026**

കലാകൃത്തുക്കൾക്ക് അവരുടെ നിലവിലുള്ള പ്രയോഗ രീതികൾ പുതിയ ദിശകളിലേക്ക് വികസിപ്പിക്കുവാൻ സഹായിക്കുന്ന പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള ആട്സ് പ്രാക്ടീസ് പ്രോഗ്രാം പുതിയ പ്രൊപോസലുകൾ ക്ഷണിക്കുന്നു. സ്വീകാര്യമായ നടപ്പുരീതികളെ ചോദ്യം ചെയ്യുന്നതും; ഉള്ളടക്കം, ഘടന, മാധ്യമം എന്നിവയിൽ പുതിയ പരീക്ഷണങ്ങൾ സാധ്യമാക്കുന്നതും; ഇടം, പ്രേക്ഷകർ, സമൂഹങ്ങൾ എന്നിവയുമായി ഇടപഴകുന്നതും; പുതിയ മാതൃകകൾ പര്യവേഷണം ചെയ്യുന്നതും; പരീക്ഷണാത്മകതയെ മുൻകൂട്ടി കാണുന്നതുമായ പദ്ധതികളെയാണ് പ്രധാനമായും പ്രോത്സാഹിപ്പിക്കുന്നത്.

**ആർട്സ് പ്ളാറ്റ്ഫോം**

കലയിലെ സഹവർത്തിത്വത്തെ വിലമതിക്കാനും കൂട്ടായ പ്രവർത്തനം സാധ്യമാക്കാനും കലാകൃത്തുക്കൾക്ക് ഒരുമിച്ച് നിൽക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. കലാപ്രവർത്തനത്തിനാവശ്യമായ വിജ്ഞാനവിനിമയത്തിനും പങ്കാളിത്തപ്രവർത്തനങ്ങൾക്കുമുള്ള വിഭവങ്ങൾ ആർജിക്കുന്നതിനും ഇടം കണ്ടെത്തുന്നതിനും, ഇത്തരത്തിൽ രൂപപ്പെടുന്ന കൂട്ടായ്മയുടെ വേദികൾ, വിവിധ തരത്തിലുള്ള പിയർ ഗ്രൂപ്പുകളെയും നെറ്റ്‌വർക്കുകളെയും സൗന്ദര്യാത്മകസംരംഭങ്ങളെയും പ്രാപ്തമാക്കുന്നു. ഇത്തരത്തിൽ ശൃംഖലാസ്വഭാവമുള്ള കൂട്ടായ്മകൾ പുരോഗമന കലാകാരന്മാരെ സാമൂഹികരാഷ്ട്രീയ സംഭവങ്ങളോട് ചലനാത്മകമായി പ്രതികരിക്കാനും കലാസമ്പ്രദായങ്ങൾക്ക് സുസ്ഥിരമായ ചട്ടക്കൂടുകൾ സൃഷ്ടിക്കാനും പ്രതിരോധശേഷിയുള്ള കലാവേദികൾ കെട്ടിപ്പടുക്കാനും സജ്ജരാക്കുന്നു. കല ചെയ്യുന്നതിനാവശ്യമായ വിഭവങ്ങൾ ശേഖരിക്കുന്നതിലൂടെയും പങ്കാളിത്തസ്വഭാവമുള്ള ഉടമസ്ഥാവകാശം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും,, പരസ്പരം ഉൾക്കൊള്ളാനും, പൊരുത്തപ്പെടാനും, ദീർഘകാലസ്വാധീനം നിലനിർത്തിക്കൊണ്ടുള്ള സർഗ്ഗാത്മക ആവാസവ്യവസ്ഥകളെ രൂപപ്പെടുത്താനും ആർട്സ് പ്ളാറ്റ്ഫോം എന്ന ആശയം സഹായിക്കുന്നു. മാറിവരുന്ന സന്ദർഭങ്ങളോട് കലാപരമായ സമ്പ്രദായങ്ങൾ പ്രതികരിക്കുന്നുണ്ടെന്ന് ഇത്തരം കൂട്ടായ്മകൾക്ക് ഉറപ്പു നൽകാൻ കഴിയും. കലപ്രവർത്തനത്തിനാവശ്യമായ സ്വയംനവീകരണം, ഐക്യദാർഢ്യം, കലയിലെ കൂട്ടായ്മയുടെ ശക്തി എന്നിവയെ വിലമതിക്കാനും ഇതുകൊണ്ട് സാധിക്കുന്നു.

ആട്സ് പ്രാക്ടീസ് പ്രോഗ്രാമിന്റെ ഭാഗമായി ശിൽപ്പശാലകൾ, റെസിഡൻസികൾ, കലാകാരന്മാരുടെ സംഗമങ്ങൾ എന്നിവ ഉൾപ്പെടുന്ന ആർട്സ് പ്ളാറ്റ്ഫോമുകളുടെ രൂപീകരണത്തിനായുള്ള പ്രൊപോസലുകളാണ് ക്ഷണിക്കുന്നത്. ഓഫ്‌ലൈനായോ, ഓൺലൈനായോ, അല്ലെങ്കിൽ ഇവ രണ്ടും സംയോജിപ്പിച്ച ഹൈബ്രിഡ് സ്വഭാവമുള്ള കൂട്ടായ്മകളെയും ആശയവിനിമയം സാധ്യമാക്കുന്ന സഹകരണ ഇടങ്ങളെയും സൃഷ്ടിക്കുകയും സജീവമാക്കുകയും ചെയ്യുന്ന പദ്ധതികളാണ് ലക്ഷ്യമിടേണ്ടത്.

കലാമേഖലയിൽ പുതിയ ഐക്യദാർഢ്യങ്ങൾ കെട്ടിപ്പടുക്കുക വഴി സർഗ്ഗാത്മകതയും സുസ്ഥിരതയും പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ, ഒരു പ്രത്യേക കലാമേഖലയിലോ അതിനു പുറത്തോ പ്രവർത്തിക്കുന്ന കലാകൃത്തുക്കളെ ഒരുമിച്ച് കൊണ്ടുവരുന്ന ഭൗതികമോ അല്ലാതെയോ രൂപപ്പെടുത്താവുന്ന ഊർജസ്വലമായ കൂട്ടായ്മകളും ഇടങ്ങളും സൃഷ്ടിക്കാനാണ് ഞങ്ങൾ ആർട്സ് പ്രാക്ടീസ് പ്രോഗ്രാമിന് കീഴിൽ പ്രൊപോസലുകൾ ക്ഷണിക്കുന്നത്.

| | | |
|---|---|---|
| പദ്ധതിയുടെ കാലയളവ് | : | 12 മാസം വരെ |
| ബഡ്ജറ്റ് | : | പരമാവധി 3,00,000/- രൂപ വരെ. |

**ആർക്കൊക്കെയാണ് പ്രൊപോസലുകൾ അയക്കാൻ കഴിയുന്നത്?**

കലയുമായി നേരിട്ടു ബന്ധമുള്ള വിഷയങ്ങൾ കേന്ദ്രീകരിച്ചും വിഷയാന്തർ സ്വഭാവമുള്ളതുമായ പദ്ധതികൾക്കാണ് കലാപ്രയോക്താക്കളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുന്നത്.

- സംഗീതം, ശബ്ദകല, അക്ഷര-വാക്യകല (ടെക്സ്റ്റ്), നൃത്തം, ചലനകല, നാടകം, പാവകളി, കഥ പറച്ചിൽ, മാജിക്, സർക്കസ് തുടങ്ങി അവതരണ സ്വഭാവമുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന കലാപ്രയോക്താക്കൾ

- സിനിമ (ഡോക്യുമെന്ററിയും ഫിക്ഷനും), അനിമേഷൻ, ഫോട്ടോഗ്രഫി, ഇൻസ്റ്റലേഷൻ, ന്യൂമീഡിയ, ക്രിയേറ്റിവ് കോഡിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സമ്പർക്കസ്വഭാവമുള്ള കല, ഗെയിമിംഗ്/ ആശയകല, ചിത്രകല, ശിൽപ്പകല, പ്രിന്റ് മേക്കിംഗ്, കോമിക് പുസ്തകങ്ങൾ, ഗ്രാഫിക് ആഖ്യാനങ്ങൾ, ആർടിസ്റ്റ് ബുക്ക് തുടങ്ങിയ മാധ്യമങ്ങളിലും, പലതരം മാധ്യമങ്ങൾ സംയോജിപ്പിച്ചു കൊണ്ടും സൃഷ്ടികൾ നടത്തുന്ന കലാപ്രയോക്താക്കൾ
- ഗാലറി സങ്കേതങ്ങൾക്ക് പുറത്ത് സംഘാടനം നിർവ്വഹിക്കുന്ന ക്യുറേറ്റർമാർ
- കവികൾ, നോവലിസ്റ്റുകൾ, ചെറുകഥാകൃത്തുക്കൾ, നാടകകൃത്തുക്കൾ, തിരക്കഥ രചയിതാക്കൾ, കോമിക്ക് രചയിതാക്കൾ, ഗെയിം രചയിതാക്കൾ, ക്രിയാത്മക നോൺഫിക്ഷൻ രചയിതാക്കൾ തുടങ്ങി സാഹിത്യാദി കലകളിൽ പ്രവർത്തിക്കുന്നവർ.
- വിഷയാന്തർസ്വഭാവത്തോടെ പ്രവർത്തിക്കുന്ന ക്രിയാത്മക പ്രവർത്തകർ.

**പ്രൊപോസലുകൾ എങ്ങനെ സമർപ്പിക്കാം?**

ഇംഗ്ലീഷ് ഉൾപ്പെടെ ഏത് ഇന്ത്യൻ ഭാഷയിലും നിങ്ങളുടെ പ്രൊപോസൽ എഴുതാവുന്നതാണ്. ഇംഗ്ലീഷിതര ഇന്ത്യൻ ഭാഷകളിൽ സമർപ്പിക്കുന്ന പദ്ധതികളെ ഐഎഫ്എ പ്രോത്സാഹിപ്പിക്കുന്നു.

ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയാണ് പ്രൊപോസലുകൾ സമർപ്പിക്കേണ്ടത്

- ഒരു പ്രയോക്താവ് എന്ന നിലയിൽ നിങ്ങളുടെ നിലവിലുള്ള കലാപ്രയോഗങ്ങൾ, ആശങ്കകൾ, താൽപ്പര്യങ്ങൾ.
- ആർട്സ് പ്ളാറ്റ്ഫോം വളർത്തിയെടുക്കാനുള്ള നിങ്ങളുടെ പ്രചോദനം
- നിങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന കലയുടെ പ്ളാറ്റ്ഫോമിനെ കുറിച്ചുള്ള വിശദാംശങ്ങൾ, അതിന്റെ ഉദ്ദേശ്യം, അതിൽ ഉൾപ്പെടുത്താനാഗ്രഹിക്കുന്ന പങ്കാളികളുടെയും സഹകാരികളുടെയും പേരുവിവരങ്ങൾ, നിങ്ങൾ ഹോസ്റ്റ് ചെയ്യാനോ സജീവമാക്കാനോ ഉദ്ദേശിക്കുന്ന നെറ്റ്‌വർക്ക് അല്ലെങ്കിൽ ഇടത്തെ പറ്റിയുള്ള വിവരങ്ങൾ തുടങ്ങിയ കാര്യങ്ങളും ഉൾപ്പെടുത്തുക.
- പദ്ധതി ആവിഷ്ക്കരിക്കുന്നതിനാവശ്യമായ വിശദമായ സമയക്രമം
- പദ്ധതിയുടെ പൂർത്തീകരനത്തിനാവശ്യമായ വിശദമായ ബജറ്റ്
- മുൻപ് ചെയ്തിട്ടുള്ള സൃഷ്ടികളുടെ ഉദാഹരണങ്ങൾ
- അഡ്രസ്സ് ഫോൺ നമ്പർ, ഇമെയിൽ ഐ ഡി തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിശദമായ ബയോഡാറ്റ
- ഫൈനൽ പ്രൊപോസലും അനുബന്ധ രേഖകളും ഒരൊറ്റ ഇമെയിലായി Project Proposal for Platforms (Arts Practice) എന്ന് subject line രേഖപ്പെടുത്തി, ജോൺ സേവ്യറിന് john@indiaifa.org എന്ന ഐഡിയിലേക്ക് അയക്കേണ്ടതാണ്.
- നിങ്ങളുടെ പ്രൊപോസലുമായി ബന്ധപ്പെട്ട ഏതെങ്കിലും ചോദ്യങ്ങളോ വിശദീകരണങ്ങളോ ഉണ്ടെങ്കിൽ, ദയവായി john@indiaifa.org എന്ന ഇമെയിൽ വിലാസത്തിലേക്ക് എഴുതുക.

**യോഗ്യത:**

- ഇന്ത്യൻ പൗരന്മാർക്ക് മാത്രമേ അപേക്ഷിക്കാനാവൂ. ഇതിൽ ഇന്ത്യൻ വംശജരായ പി.ഐ.ഒ.(Persons of Indian Origin) കാർഡ് ഹോൾഡേഴ്സും, ഇന്ത്യയിലെ വിദേശ പൗരരായ ഒ.സി.ഐ. (Overseas Citizen of India) കാർഡ് ഹോൾഡേഴ്സും അപേക്ഷിക്കാൻ അർഹരല്ല.
- അപേക്ഷകർ പാൻ കാർഡ് ഉള്ള വ്യക്തികൾ ആയിരിക്കണം. കൂടാതെ ഐഡന്റിറ്റി, പൗരത്വം എന്നിവ തെളിയിക്കുന്ന താഴെ പറയുന്നവയിൽ ഏതെങ്കിലും ഒന്നും ഉണ്ടായിരിക്കണം: ഇന്ത്യൻ പാസ്പോർട്ട് അല്ലെങ്കിൽ ആധാർ കാർഡ് അല്ലെങ്കിൽ ഇന്ത്യയിലെ വോട്ടർ ഐ.ഡി.
- വ്യക്തികൾക്ക് മാത്രമേ അപേക്ഷിക്കാനാവൂ. സംഘടനകൾക്ക് അപേക്ഷിക്കാനാവില്ല.
- പ്രോജക്റ്റുകളിൽ അപേക്ഷകർ കൂടാതെ മറ്റാരെങ്കിലും സഹകരിക്കുന്നുണ്ടെങ്കിൽ, അവരും ഇന്ത്യൻ പൗരന്മാർ ആയിരിക്കണം.
- ഐഎഫ്എയുമായി മുൻകാലത്ത് സാമ്പത്തിക ക്രമക്കേടിന്റെ ചരിത്രമുള്ള വ്യക്തികൾ അപേക്ഷിക്കാൻ അർഹരല്ല.

- മുൻ ഐഎഫ്എ ഗ്രാന്റ് ലഭിച്ചവരിൽ സമ്മതപത്രപ്രകാരം തിരിച്ചേൽപ്പിക്കേണ്ട വസ്തുവകകളോ സാധനസാമഗ്രികളോ ഐഎഫ്എയിൽ തിരികെ നൽകുന്നതിൽ പരാജയപ്പെട്ട വ്യക്തികൾ അപേക്ഷിക്കാൻ അർഹരല്ല.
- ഏതെങ്കിലും കാരണത്താൽ ഭാവി അപേക്ഷകൾ വിലക്കിക്കൊണ്ട് ഐഎഫ്എയിൽ നിന്ന് കത്ത് ലഭിച്ച വ്യക്തികൾ അപേക്ഷിക്കാൻ അർഹരല്ല.
- നിലവിൽ ഐഎഫ്എ നടപ്പിലാക്കുന്ന ഏതെങ്കിലും പ്രോജക്റ്റിൽ പ്രവർത്തിക്കുന്ന വ്യക്തികൾ അപേക്ഷിക്കാൻ അർഹരല്ല.
- ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ഉണ്ടെങ്കിൽ മാത്രമേ ഒന്നിൽ കൂടുതൽ വ്യക്തികൾക്ക് അപേക്ഷിക്കാൻ കഴിയൂ. ഇല്ലെങ്കിൽ, അവരിൽ ഒരാൾ മാത്രം അപേക്ഷിക്കുകയും മറ്റുള്ളവർ പ്രോജക്റ്റിൽ പങ്കാളികളായിരിക്കാവുന്നതുമാണ്.

**തിരഞ്ഞെടുപ്പ് പ്രക്രിയ:**

തെരഞ്ഞെടുക്കുന്ന പ്രോപോസലുകൾ ഒരു ബാഹ്യപാനൽ വിലയിരുത്തുകയും അപേക്ഷകർ അവരുടെ ആശയങ്ങൾ പാനലിൽ അവതരിപ്പിക്കുകയും വേണം.

**തെരഞ്ഞെടുക്കുന്ന എല്ലാ പദ്ധതികളും ഐ എഫ് എ നടപ്പിൽ വരുത്തുന്നതാണ്.**

**അപേക്ഷയുമായി ബന്ധപ്പെട്ട പ്രധാന തീയതികൾ**

- ഐഎഫ്എ സ്റ്റാഫിൽ നിന്നുള്ള പ്രതികരണത്തിനായി നിങ്ങളുടെ ചോദ്യങ്ങളും കരട് ആശയങ്ങളും, രേഖാമൂലമുള്ള, ഓഡിയോ അല്ലെങ്കിൽ വീഡിയോ ഫോർമാറ്റുകളിൽ ഞങ്ങൾക്ക് അയയ്ക്കാനുള്ള അവസാന തീയതി: **August 21, 2026**.
- പ്രൊപോസൽ സമർപ്പിക്കേണ്ട അവസാന തീയതി : **August 31, 2026**
- തെരഞ്ഞെടുത്ത പ്രൊപോസലുകൾ പ്രഖ്യാപിക്കുന്ന തീയതി: **November 2026**

കുട്ടികൾ ഉൾപ്പെടെ എല്ലാവരെയും പിന്തുണയ്ക്കുകയും ബഹുമാനിക്കുകയും കരുതുകയും ചെയ്യുന്ന സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കാൻ IFA എപ്പോഴും പ്രതിജ്ഞാബദ്ധമായിരിക്കും. അപേക്ഷകർ ഐ എഫ് എ യുടെ ആശയങ്ങളുമായി പൊരുത്തപ്പെടുകയും എല്ലായ്പ്പോഴും അതിന്റെ മൂല്യത്തെ ഉയർത്തിപ്പിടിക്കുകയും വേണം.